ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ഗവൺമെന്റിന് 1459.46 ലക്ഷം രൂപയുടെ മുതൽമുടക്കുണ്ട്.

(ബി) വായ്പകളൊന്നും എഴുതിത്തള്ളിയിട്ടില്ല.

(സി) 31.3.99 വരെ 2664.81 ലക്ഷം രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) ഫോർമുലേഷൻ ഡിവിഷൻ 1997-98-ൽ 41 ലക്ഷം രൂപ ലാഭവും 1998-99-ൽ 241 ലക്ഷം രൂപ നഷ്ടവും ഉണ്ടായിട്ടുണ്ട്. വൈറ്റമിൻ 'എ' ഡിവിഷനിൽ 1997-98-ൽ 427 ലക്ഷം രൂപയുടെ നഷ്ടവും 1998-99-ൽ 337 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്.

277 (1456) കെല്ലിലെ ജീവനക്കാർ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെല്ലിൽ ഇപ്പോൾ മൊത്തം എത്ര ജീവനക്കാർ ഉണ്ട്; ഇവർക്ക് ശമ്പളം ഇനത്തിൽ ഒരു വർഷം എന്തു തുക നൽകുന്നുണ്ട്;

(ബി) കെല്ലിൽ ആവശ്യത്തിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്രപേർ; ഇല്ലെങ്കിൽ ആവശ്യത്തിൽ കൂടുതൽ ജോലിക്കാർ ഉണ്ടെന്ന പരാതികളെക്കുറിച്ച് അന്വേഷിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കെല്ലിന്റെ ഓഡിറ്റ് ഏതു വർഷം വരെ പൂർത്തിയാക്കിയിട്ടുണ്ട്; ആരാണ് ഓഡിറ്റ് ചെയ്യുന്നത്; ഓഡിറ്റ് താമസിച്ചിട്ടുണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെല്ലിൽ ഇപ്പോൾ ആകെ 1427 ജീവനക്കാരുണ്ട്. ഇവർക്ക് ശമ്പളം ഇനത്തിൽ ഒരു വർഷം 8,95,34,405 രൂപ നൽകുന്നുണ്ട്.

(ബി) 1991-96 കാലയളവിൽ വിവിധ കാറ്റഗറികളിലായി 715 ജീവനക്കാരെ കമ്പനിയിൽ നിയമിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പാലിക്കാതെയും കമ്പനിയുടെ യഥാർത്ഥത്തിലുള്ള ആവശ്യം പരിഗണിക്കാതെയുമാണ് ഈ നിയമനങ്ങൾ നടത്തിയത്. തൻമൂലം കമ്പനിയിൽ ആവശ്യത്തിൽ കൂടുതൽ ജീവനക്കാർ ഇപ്പോൾ ജോലിചെയ്യുന്നുണ്ട്. കമ്പനിയിലെ അധിക ജീവനക്കാരുടെ പ്രശ്നം സംബന്ധിച്ച് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ വിശദമായ പഠനം നടത്തുകയുണ്ടായി. അപ്രകാരം കമ്പനിയിലെ മുഴുവൻ യൂണിറ്റുകളിലുമായി "അൺസ്കിൽഡ്" കാറ്റഗറിയിൽ 121 പേർ അധികമായിട്ടുണ്ട്. എന്നാൽ ഇലക്ട്രീഷ്യൻ, ഫിറ്റർ, മെഷീനിസ്റ്റ്, വെൽഡർ മുതലായ സ്കിൽഡ് കാറ്റഗറികളിൽ ജീവനക്കാരുടെ അപര്യാപ്തത ഉള്ളതായും പഠനം വെളിപ്പെടുത്തുന്നു. ജീവനക്കാരെ നിയമിച്ചതിലെ അപാകതകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരികയാണ്.

(സി) 1998-99 വരെയുള്ള കമ്പനികളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചിയിലെ ഓഡിറ്റ് സ്ഥാപനമായ "മേനോൻ ആന്റ് മേനോൻ" ആണ് ഓഡിറ്റ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly